ശുദ്ധജല വിതരണ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി യെടുക്കാതിരുന്നത് കടുത്ത കുടിവെള്ളക്ഷാമത്തിന് കാരണമായെന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം ആവിഷ്കരിച്ചു പൂർത്തി യാക്കിയ ശുദ്ധജല പദ്ധതികളുടെ വിശദവിവരം ലഭ്യമാണോ ?

ഉത്തരം

(എ) ഇല്ല. ഗ്രാമീണ ശുദ്ധജല പദ്ധതികൾ ഉൾപ്പെടെയുള്ള ശുദ്ധജല വിതരണ പദ്ധതികൾ ഓരോ തലത്തിലും വ്യക്തമായ സമയപരിധി നിശ്ചയിച്ച് ദ്രുതഗതിയിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്ത് പൂർത്തിയാക്കിയ 45 പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

ജലനിധി രണ്ടാംഘട്ടത്തിൽ ഒന്നാം ബാച്ചിൽ 20 പഞ്ചായത്തുകളിലായി 41428 കുടുംബങ്ങൾക്കും ബാച്ച് 2-ൽ മൾട്ടി ജി.പി.ബൃഹത് പദ്ധതികൾ ഉൾപ്പെടെ 74 പഞ്ചായത്തുകളിലായി 1,76,330 കുടുംബങ്ങൾക്ക് കുടിവെള്ളം നൽകാനായി 1673 പദ്ധതികൾ നടപ്പാക്കുന്നുണ്ട്. കൂടാതെ ബാച്ച് 3-ൽ 21 പഞ്ചായത്തുകളെയും പദ്ധതി നടപ്പാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതി കാലാവധി 2017 ജൂൺ മാസം വരെയാണ്.

ശുദ്ധജല വിതരണം

220 (885) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലമലിനീകരണവും ജലദൗർലഭ്യവും രൂക്ഷമായിരിക്കുന്ന സാഹചര്യം കണക്കിലെടുത്ത് ജനങ്ങൾക്ക് ശുദ്ധജലം ആവശ്യത്തിന് എത്തിക്കാൻ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; ഏതെല്ലാം പദ്ധതികളിലൂടെയാണ് ഇത് നടപ്പിലാക്കുന്നതെന്ന് പറയാമോ ; ഓരോ പദ്ധതിയിലൂടെയും ചെലവാകാവുന്ന തുകയും അതിന്റെ പ്രയോജനം ലഭിക്കുന്ന ഗുണഭോക്താക്കളുടെ എണ്ണവും വ്യക്ത മാക്കുമോ ;

(ബി) ചേർത്തലയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനും കുടിവെള്ളം എത്താത്ത മേഖലകളിൽ വെള്ളം എത്തിക്കുന്നതിനും എന്തെല്ലാം നടപടികളാണ്

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ; ഈ പദ്ധതികളിലൂടെ എത്ര പുതിയ കണക്ഷനുകൾ നൽകാനാവുമെന്ന് അറിയിക്കുമോ ; ചേർത്തലയിൽ കുടിവെള്ള മെത്താത്ത ഒട്ടേറെ മേഖലകളിൽ നിരന്തരമായ ആവശ്യമുയർന്നിട്ടും കുടിവെള്ള പൈപ്പുകൾ സ്ഥാപിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ ജലദൗർലഭ്യം അനുഭവപ്പെടുന്ന പ്രദേശങ്ങളെ തരംതിരിച്ച് പുതിയ പദ്ധതികൾക്കായി സർവ്വേ നടത്തി ഡീറ്റെയിൽഡ് എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി വിവിധ ഏജൻസികളെ സമീപിച്ച് ധനലഭ്യത ഉറപ്പുവരുത്തി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. ഇപ്രകാരം നിലവിൽ കേരള ജല അതോറിറ്റി 436360.86 ലക്ഷം രൂപയുള്ള 287 കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഈ പദ്ധതികളുടെ പൂർത്തീകരണത്തിലൂടെ നിലവിലുള്ള ഗുണഭോക്താക്കളുൾപ്പെടെ ഏകദേശം 176 ലക്ഷം പേർക്ക് പ്രയോജനം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. പദ്ധതികളുടെ വകപ്പ തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

വിഭാഗം	പദ്ധതികളുടെ എണ്ണം	ഭരണാനുമതി ലഭിച്ച തുക (ലക്ഷത്തിൽ)
നബാർഡ്	38	72658.32
സ്റ്റേറ്റ് പ്ലാൻ	31	41500.10
യുഡിസ്മാറ്റ്	10	29138.65
ജനറം	2	28833.00
ജിക്ക	5	239190.00
എൻ.ആർ.ഡി.ഡബ്ല്യു.പി.	194	17704.12
എൻ.ആർ.ഡി.ഡബ്ല്യു.പി. ടെക്മിഷൻ	1	5959.00
എൻ.ആർ.ഡി.ഡബ്ല്യു.പി. 5% ഇയർ മാർക്ക്ഡ് ക്വാളിറ്റി ഫണ്ട്	6	1377.67
ആകെ	287	436360.86

808/17

LIBRARY ARCHIVES Kerala Legislative Assembly

ഇതിനുപുറമെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, ന്യൂനപക്ഷ ക്ഷേമവകുപ്പ് മുതലായ ഏജൻസികളുടെ ഫണ്ട് ഉപയോഗിച്ച് അവരുടെ ആവശ്യപ്രകാരം ഡെപ്പോസിറ്റ് പ്രവൃത്തിയായി വിതരണശൃംഖല വിപുലീകരണമുൾപ്പെടെയുള്ള ചെറുകിട പദ്ധതികളും നടപ്പിലാക്കി വരുന്നു. എല്ലാവർക്കും കുടിവെള്ളം എന്ന ലക്ഷ്യം നിറവേറ്റുന്നതിലേക്കായി കേരള സർക്കാർ നടപ്പാക്കിവരുന്ന വിവിധ പദ്ധതികളിലൊന്നാണ് ജലനിധി രണ്ടാംഘട്ട പദ്ധതി. ജനുവരി 2012-ൽ ആരംഭിച്ച പദ്ധതി ജൂൺ 2017-ഓടുകൂടി പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. 1022 കോടി രൂപ അടങ്കലുള്ള ഈ പദ്ധതി പൂർത്തിയാകുന്നതോടുകൂടി ഉദ്ദേശം 11.50 ലക്ഷം ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. തെരഞ്ഞെടുക്കപ്പെട്ട 115 ഗ്രാമപഞ്ചായത്തുകളിൽ ഇപ്പോൾ ജലനിധി പദ്ധതിയുടെ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) ചേർത്തല താലൂക്കിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി നടപ്പിലാക്കിയ ജിക്ക ധനസഹായത്തോടെയുള്ള ചേർത്തല ശുദ്ധജലവിതരണ പദ്ധതിയിൽനിന്നും പൂർണ്ണതോതിൽ പ്രയോജനം ലഭിക്കുന്നതിനായി പൈപ്പുകൾ സ്ഥാപിച്ചിട്ടില്ലാത്ത സ്ഥലങ്ങളിലേക്ക് പൈപ്പ് സ്ഥാപിക്കുന്നതിനായി നബാർഡിന്റെ ധനസഹായത്തോടെ അരൂർ, ചേർത്തല നിയോജകമണ്ഡലത്തിലെ 18 പഞ്ചായത്തുകളിലേയ്ക്കായി നടത്തുന്ന പദ്ധതിക്കായി ടെണ്ടർ വിളിച്ച് അംഗീകരിച്ച് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതോടെ ചേർത്തല താലൂക്കിലെ 18 പഞ്ചായത്തുകൾക്കും ആവശ്യമായ ശുദ്ധജല വിതരണം നടത്താൻ സാധിക്കുന്നതാണ്. ഈ പദ്ധതിയിലൂടെ അപേക്ഷിക്കുന്ന എല്ലാവർക്കും പുതിയ കണക്ഷൻ നൽകാനാവുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ നിരന്തരമായി മറവൻ തുരുത്തിൽ പൊട്ടുന്ന ജി.ആർ.പി.പൈപ്പ് (പ്രധാന പമ്പിംഗ് മെയിൻ) മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരുകയാണ്. ഈ പണികൾ പൂർത്തിയായിക്കഴിഞ്ഞാൽ പൂർണ്ണതോതിൽ ജലം പമ്പ് ചെയ്യുവാനും ശുദ്ധജലക്ഷാമം പരിഹരിക്കുവാനും കഴിയും.

മണലൂർ നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

221 (886) ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണലൂർ നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് കഴിഞ്ഞ നാല് വർഷമായി നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികൾ ഏതെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly